**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 496** **23-07-2021 - ൽ മറുപടിയ്ക്ക്**

**ഉപ്പുവെള്ള പ്രതിരോധ ബണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിന്‍ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉപ്പ് വെള്ളം കാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ മാടായി, മാട്ടൂല്‍, കണ്ണപുരം, ചെറുകുന്ന്, ഏഴോം, കുഞ്ഞിമംഗലം, പട്ടുവം, കല്ല്യാശ്ശേരി, ചെറുതാഴം ഗ്രാമപഞ്ചായത്തുകളില്‍ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിര്‍മ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇറിഗേഷന്‍ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ഏഴോം, പട്ടുവം, മാടായി, കുഞ്ഞിമംഗലം, കല്ല്യാശ്ശേരി, ചെറുകുന്ന്. കണ്ണപുരം. മാട്ടൂല്‍ എന്നീ പഞ്ചായത്തുകളില്‍ ഉപ്പുവെള്ളം കയറി കുടിവെള്ളത്തെയും കൃഷിയെയും ബാധിക്കുന്നതിനെക്കുറിച്ച് പ്രശ്ന ബാധിത പ്രദേശങ്ങള്‍ സന്ദര്‍ശിച്ച് വിശദമായ റിപ്പോര്‍ട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതില്‍ പ്രതിപാദിച്ച 8 ഗ്രാമ പഞ്ചായത്തുകളില്‍ 33 പുതിയ പ്രവൃത്തികള്‍, 20 റിപ്പയര്‍ പ്രവൃത്തികള്‍, തോട് സംരക്ഷണ പ്രവൃത്തികള്‍ എന്നിവയ്ക്ക് 1367 ലക്ഷം രൂപയാണ് പ്രാഥമിക പഠനത്തില്‍ ആവശ്യമായി വരുന്നത്. മേല്‍ പ്രവൃത്തികളില്‍ ഉള്‍പ്പെട്ട ചെറുകുന്ന് പഞ്ചായത്തിലെ കാക്കത്തോട് SWECB യുടെ പുനര്‍നിര്‍മ്മാണം, മാട്ടൂല്‍ പഞ്ചായത്തിലെ പത്താന്‍തോട് SWECB യുടെ പുനര്‍നിര്‍മ്മാണം എന്നീ പ്രവൃത്തികള്‍ 2021 - 2022 പ്ലാന്‍ സ്കീമില്‍ മുന്‍ഗണന പട്ടികയില്‍ ഉള്‍പ്പെടുത്തി ഭരണാനുമതി നല്‍കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചുവരുന്നു നിലവില്‍ പട്ടുവം പഞ്ചായത്തില്‍ പരന്തല്‍, പോത്തട മുട്ടുകണ്ടി, വെള്ളിക്കീല്‍ പാഞ്ചലായി എന്നിവിടങ്ങളിലായി ആകെ 3.4 കി.മി, നീളത്തിലും മാടായി പഞ്ചായത്തിലെ വേങ്ങര മൂലക്കീല്‍ മുതല്‍ ചെമ്പല്ലിക്കുണ്ട് ഓവര്‍ ബ്രിഡ്ജ് വരെയുള്ള ഭാഗത്ത് 1,66കി.മി നീളത്തിലും ചെറുകിട ജലസേചന വകുപ്പ് ഉപ്പ വെള്ള പ്രതിരോധത്തിനായി മാര്‍ജിനല്‍ ബണ്ട് നിര്‍മ്മിച്ചിട്ടുണ്ട്. ഈ ബണ്ടുകളുടെ വാര്‍ഷിക അറ്റകുറ്റപ്പണികള്‍ നടത്തുകയും സ്ലൂയിസുകള്‍ ഉറക്കുകയും അടക്കുകയും ചെയ്തുവരുന്നുമുണ്ട്. ഉപ്പുവെള്ളം കയറുന്നതുകാരണം ബുദ്ധിമുട്ടുന്ന കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരം പഞ്ചായത്തില്‍ പുനംകൈത്തോട്, പുത്തരിത്തോല്‍ തോട്, മാട്ടൂല്‍ പഞ്ചായത്തിലെ കാവിലെപറമ്പില്‍ |

| | | | |
|---|---|---|---|
| | | | തോട്, ചെറുകുന്ന് പഞ്ചായത്തിലെ കയ്യലവളപ്പിൽ എന്നിവയ്ക്ക് ഉപ്പുവെള്ള പ്രതിരോധബണ്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഉപ്പുവെള്ള പ്രതിരോധബണ്ടുകളായ കല്ല്യാശ്ശേരി പഞ്ചായത്തിലെ അടൽതോട് SWECB, ഒടിപ്രം SWECB , പുതുവാക്കൽ SWECB, ചെറുകുന്ന് പഞ്ചായത്തിലെ മൂലക്കീൽ ബണ്ട്, കൊച്ചീക്കാരൻ മൂല SWECB എന്നിവ SDRF പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ചെറുകുന്ന് പഞ്ചായത്തിലെ ബാപ്പക്കൽ തോടിന് മുണ്ടാപ്രത്ത് പാലത്തോട്ടുകൂടിയ ഉപ്പുവെള്ളപ്രതിരോധബണ്ട് നിർമ്മിക്കാനുള്ള ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കു ന്നതിന് വേണ്ട വിവരങ്ങൾ ലഭ്യമാക്കാൻ ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ചെറുകുന്ന് പഞ്ചായത്തിലെ മുട്ടിൽക്കാപ്പ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഐ.ഡി.ആർ.ബി യിൽ നിന്ന് ഡിസൈൻ ലഭ്യമാക്കുന്ന മുറക്ക് ഡി.പി.ആർ സമർപ്പിക്കുന്നതാണെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാപ്പക്കൽ ബണ്ട് മുട്ടിൽക്കാപ്പ് ആർ.സി.ബി എന്നിവ യാഥാർത്ഥ്യമായാൽ ചെറുകുന്ന്, കണ്ണപുരം പഞ്ചായത്തുക ളിൽ ഉപ്പുവെള്ളം കയറുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. കൂടാതെ വൻകിട ജലസേചന വിഭാഗം വഴി കല്യാശ്ശേരി മണ്ഡലത്തിലെ 8 പഞ്ചായത്തുകളിൽ 23 പ്രവർത്തികൾക്കായി 7885 ലക്ഷം രൂപ അടങ്കൽ വരുന്ന ഉപ്പുവെള്ള പ്രതിരോധ പ്രവൃത്തികളുടെ വിശദമായ പദ്ധതി രേഖയും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ